# വൈദ്യരത്നം ആയുർവേദ കോളേജ്

## തൈക്കാട്ടുശ്ശേരി, ഒല്ലൂർ – തൃശ്ശൂർ 680306

എ1/123/2025/വി.എ.സി തീയ്യതി: 28.01.2025

<u>വിജ്ഞാപനം</u>

താഴെ പറയുന്ന അദ്ധ്യാപക തസ്തികകളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ വൈദ്യരത്നം ആയുർവേദ കോളേജിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പരസ്യപ്പെടുത്തിയ അതതു തസ്തികകളിലേയ്ക്കുള്ള അപേക്ഷാ ഫോറത്തിൽ ആയിരിക്കണം അപേക്ഷകൾ സമർപ്പിക്കേണ്ടത്.

1. അസിസ്റ്റന്റ് പ്രൊഫസർ – പ്രസൂതിതന്ത്ര & സ്ത്രീരോഗ (01)
2. അസിസ്റ്റന്റ് പ്രൊഫസർ – രസശാസ്ത്ര & ഭൈഷജ്യകല്പന (01)
3. അസിസ്റ്റന്റ് പ്രൊഫസർ – ദ്രവ്യഗുണവിജ്ഞാനം (01)

(മേല്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്)

പ്രായ പരിധി : 46

യോഗ്യതകൾ: :

1. കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നോ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും സർവകലാശാലയിൽ നിന്നോ ആയുർവേദത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം.
2. TCMC/KSMC എ ക്ലാസ്സ് രജിസ്ട്രേഷൻ
3. നാഷണൽ കമ്മീഷൻ ഫോർ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ അംഗീകരിച്ച ടീച്ചേഴ്സ് കോഡ് അല്ലെങ്കിൽ നാഷണൽ കമ്മീഷൻ ഫോർ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ നടത്തുന്ന നാഷണൽ ടീച്ചേഴ്സ് യോഗ്യത പരീക്ഷ പാസ്സായിരിക്കണം (NTET)– അഭിലഷണീയം

നിയമന രീതി: നേരിട്ടുള്ള നിയമനം

പൂരിപ്പിച്ച അപേക്ഷാഫോറം അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ബന്ധപ്പെട്ട രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോടൊപ്പം 2025 ഫെബ്രുവരി 21 ന് 5 മണിയ്ക്ക് മുൻപായി ലഭിക്കത്തക്കവണ്ണം Registered / speed post ആയി തപാലിൽ അയക്കേണ്ടതാണ്. അപേക്ഷിക്കുന്ന തസ്തിക കവറിന് മുകളിൽ എഴുതേണ്ടതാണ്.

പൂർണ്ണമല്ലാത്ത അപേക്ഷകളും, വൈകി ലഭിക്കുന്ന അപേക്ഷകളും ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ അടക്കം ചെയ്യാത്തവയും മറ്റൊരു അറിയിപ്പ് ഇല്ലാതെ തന്നെ നിരസിക്കപ്പെടുന്നതാണ്.

Sd/-
Principal
Vaidyaratnam Ayurveda College, Ollur